മാതൃഭൂമി

13 October 2025

# സമുദ്രകൃഷി ഉത്പാദനം 25 ലക്ഷം ടണ്ണായി ഉയർത്താൻ സിഎംഎഫ്ആർഐ

**കൊച്ചി** ▸ രാജ്യത്തെ സമുദ്രകൃഷി ഉത്പാദനം നിലവിലെ ഒന്നര ലക്ഷം ടണ്ണിൽനിന്നും 2047-ഓടെ 25 ലക്ഷം ടണ്ണായി ഉയർത്താൻ ലക്ഷ്യമിട്ട് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). ഇന്ത്യയുടെ സമുദ്രമത്സ്യ മേഖലയിലെ അടുത്ത ഏറ്റവും വലിയ മുന്നേറ്റം സമുദ്രകൃഷിയായിരിക്കുമെന്നും ഈ രംഗത്ത് മികച്ച സാധ്യതയാണ് ഇന്ത്യക്കുള്ളതെന്നും സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് പറഞ്ഞു. .പട്ടികവിഭാഗങ്ങളിൽ പെട്ടവർക്ക് മത്സ്യബന്ധന, കാർഷിക ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്തു. ഡോ. കെ. മധു, ഡോ. വിദ്യ ആർ., ഡോ. സനൽ എബനീസർ, ഡോ. സാജു ജോർജ് എന്നിവർ ചടങ്ങിൽ സംസാരിച്ചു.